സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ദേശീയ പെൻഷൻ പദ്ധതി -അംഗത്വമുള്ള ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി **Partial Withdrawal** ന് അനുമതി നൽകുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-I** നന്തൻകോട്, **12/10/2026**

---

പരാമർശം :- 1) 05-02-2018 ലെ മേൽ നമ്പർ ഉത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 02-04-2026 ലെ DA 874/23/E-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായ ജീവനക്കാർക്ക് നിശ്ചിത ആവശ്യങ്ങൾക്കായി അവരുടെ സ്വന്തം വിഹിതത്തിന്റെ (എംപ്ലോയി വഹിതത്തിന്റെ) ഒരു ഭാഗം നിബന്ധനകൾക്ക് വിധേയമായി പിൻവലിക്കാനുള്ള സംവിധാനം നിലവിലുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്കും നിബന്ധനകൾക്ക് വിധേയമായി **Partial Withdrawal** ന് അനുമതി നൽകുന്നതിന് ദേശീയ പെൻഷൻ പദ്ധതി നോഡൽ ആഫീസർക്ക് നിർദ്ദേശം നൽകണമെന്നും വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു.(പരാമർശം 2)

ഈ വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് PFRDA നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അവരുടെ സ്വന്തം വിഹിതത്തിന്റെ (എംപ്ലോയി വഹിതത്തിന്റെ) ഒരു ഭാഗം ഭാഗികമായി പിൻവലിക്കുന്നതിന്(**Partial Withdrawal**) അനുവദിക്കുന്നു.

(മറുപുറം)

- **Partial Withdrawal** ന്  ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ദേശീയ പെൻഷൻ പദ്ധതി നോഡൽ ആഫീസർ-നെ (ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ **P&SGRC**) ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി